REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 19-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **മെയ് രണ്ടിന് ഉദ്ഘാടനത്തിനൊരുങ്ങി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. പ്രധാനമന്ത്രി നരേന്ദ്രമോദി തുറമുഖം രാജ്യത്തിന് സമർപ്പിക്കും.**
- **നാലാം വർഷികം ആഘോഷിക്കാൻ സംസ്ഥാന ഗവൺമെന്റിന് ധാർമ്മികാവകാശമില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **കോന്നി ആനക്കൂട്ടിലെ അപകടത്തിൽ നാല് വയസുകാരൻ മരിച്ചതിൽ ഉദ്യോഗസ്ഥ തല വീഴ്ച സംഭവിച്ചെന്ന് പ്രാഥമിക റിപ്പോർട്ട്.**
- **ക്രൈസ്തവർ നാളെ യേശുദേവന്റെ ഉയിർപ്പ് തിരുനാൾ ആഘോഷിക്കും. ദേവാലയങ്ങളിൽ പാതിരാ കുർബാനയും മറ്റ് ശുശ്രൂഷകളും ഉണ്ടായിരിക്കും.**
- **ചോദ്യപ്പേപ്പർ ചോർന്ന സംഭവത്തിൽ BCA ആറാം സെമസ്റ്റർ പരീക്ഷ പൂർണമായി റദ്ദാക്കില്ലെന്നു കണ്ണൂർ സർവ്വകലാശാല.**
- **നടൻ ഷൈൻ ടോം ചാക്കോയെ എറണാകുളം ടൗൺ നോർത്ത് പൊലീസ് സ്റ്റേഷനിൽ ചോദ്യം ചെയ്യുന്നു.**

## വാർത്തകൾ വിശദമായി

മെയ് രണ്ടിന് ഉദ്ഘാടനത്തിനൊരുങ്ങി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്നത്. 2024 ജൂലൈ 13ന് ട്രയൽ റൺ തുടങ്ങിയ വിഴിഞ്ഞം തുറമുഖം ഡിസംബർ മൂന്നിന് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയിരുന്നു.

ദക്ഷിണേന്ത്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖമായ വിഴിഞ്ഞത്ത് ഇതുവരെ 263 കപ്പലുകൾ എത്തിയിട്ടുണ്ട്. 2028-ൽ മറ്റ് മൂന്ന് ഘട്ടങ്ങളും കൂടി പൂർത്തീകരിക്കുന്നതോടെ വിഴിഞ്ഞം തുറമുഖം പൂർണ തോതിൽ പ്രവർത്തന സജ്ജമാകും.

✪✪✪

ലഹരിവിപത്തിനെതിരെ പുതിയ അധ്യയന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരണവും അധ്യാപക പരിശീലനവും ഉൾപ്പെടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രതിവാര ടെലിവി ഷൻ സംവാദപരിപാടിയായ 'നാം മുന്നോട്ട്'ൽ സംസാരി ക്കുകയായിരുന്നു അദ്ദേഹം. രാസലഹരിയുടെ ദൂഷ്യഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ, അധ്യാപകർക്ക് കൗൺസലിങ് പരിശീലനം, കുട്ടികൾക്ക് കായിക പരിശീല നത്തിന് അധികസമയം, രക്ഷിതാക്കൾക്ക് ബോധവത്കരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളാണ് ഈ അധ്യയന വർഷം ഏറ്റെടുക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. വേനലവ ധിക്കാലത്ത് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തും.

കുട്ടികളും യുവാക്കളുമാണ് ലഹരിക്ക് ഇരകളാകുന്നതിൽ ഏറെയുമെന്നതിനാൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ബോധവത്കരണം നൽകേണ്ടതുണ്ട്. കുട്ടികൾക്കാവശ്യമായ കൗൺസലിങ് നൽകുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകും. പഠനസമ്മർദം ഒഴിവാക്കി വീടുകളിലേക്ക് മടങ്ങുന്നതിനായി എല്ലാ ദിവസവും അവസാന പിരീഡ് സുംബ ഡാൻസ് പോലെ കായിക പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

നാലാം വർഷികം ആഘോഷിക്കാൻ സംസ്ഥാന ഗവൺമെന്റിന് ഒരു അവകാശവുമില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. ആഘോഷ പരിപാടികൾ UDF ബഹിഷ്ക്കരിക്കുമെന്ന് അദ്ദേഹം ആലുവയിൽ വാർത്താ സമ്മേളനത്തിൽഅറിയിച്ചു.

ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നു പോകുന്നതെന്നും മലയോര ജനത വന്യജീവി ആക്രമ ണത്തിൽ കഷ്ടപ്പെടുമ്പോൾ ഗവൺമെന്റ് തിരിഞ്ഞു നോക്കുന്നില്ലെന്നും സതീശൻ കുറ്റപ്പെടുത്തി.

ആറു ലക്ഷം കോടി രൂപയുടെ കടക്കെണിയിലേക്ക് സംസ്ഥാനം എത്തിയിരിക്കുകയാണ്. കരാറുകാർക്ക് കോടിക്കണക്കിന് രൂപ നൽകാനുണ്ടെന്നും പ്രതിസന്ധി പരിഹരിക്കാൻ ഒരു നടപടിയും ഗവൺമെന്റ്

സ്വീകരിക്കുന്നില്ലെന്നും പ്രതിപക്ഷനേതാവ് ആരോപിച്ചു. ഗവൺമെന്റിന്റെ ജനവിരുദ്ധ പ്രവർത്തനങ്ങൾ തുറന്നു കാട്ടാൻ ബദൽ പ്രചരണ പരിപാടികൾ UDF സംഘടിപ്പിക്കുമെന്നും സതീശൻ പറഞ്ഞു.

✪✪✪

കോന്നി ആനക്കൂട്ടിലെ അപകടത്തിൽ നാല് വയസുകാരൻ മരിച്ചതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച സംഭവിച്ചെന്ന് പ്രാഥമിക റിപ്പോർട്ട്. റാന്നി DFO ദക്ഷിണ മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ഇന്ന് റിപ്പോർട്ട് നൽകും. പ്രദേശത്ത് തൂണുകളുടെ ബലക്ഷയം സംബന്ധിച്ച പരിശോധന നടത്തിയിട്ടില്ലെന്നും സുരക്ഷാ പരിശോധനയിൽ വീഴ്ച പറ്റിയെന്നും റിപ്പോർട്ടിലുണ്ട്. അന്തിമ റിപ്പോർട്ട് തിങ്കളാഴ്ച വനംമന്ത്രിക്ക് കൈമാറും.

അടൂർ കടമ്പനാട് അജിയുടെയും ശാരിയുടെയും മകൻ അഭിറാം ആണ് കഴിഞ്ഞ ദിവസം മരിച്ചത്. ഫോട്ടോയെടുക്കാനായി തൂണിൽ പിടിച്ചപ്പോൾ തൂൺ ഇളകി കുഞ്ഞിന്റെ തലയിൽ വീഴുകയായിരുന്നു.

✪✪✪

വനിതാ CPO റാങ്ക് ലിസ്റ്റിന്റെ കാലാവധി ഇന്ന് അവസാനിക്കും. സെക്രട്ടേറിയറ്റിന് മുന്നിലെ സമരപ്പന്തലിൽ ഉണ്ടായിരുന്ന മൂന്ന് ഉദ്യോഗാർഥികൾ ഉൾപ്പെടെ 45 പേർക്ക് കൂടി കഴിഞ്ഞ ദിവസം അഡ്വൈസ് മെമ്മോ ലഭിച്ചിരുന്നു. അഡ്വൈസ് മെമോ ലഭിക്കാത്തവർ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം തുടരുകയാണ്.

✪✪✪

ആശാവർക്കർമാരുടെ രാപ്പകൽസമരം 69-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 31-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

ക്രൈസ്തവർ നാളെ യേശുദേവന്റെ ഉയിർപ്പ് തിരുനാൾ, ഈസ്റ്റർ ആഘോഷിക്കും. ദേവാലയങ്ങളിൽ പാതിരാ കുർബാനയും മറ്റ് ശുശ്രൂഷകളും ഉണ്ടായിരിക്കും.

ലോകനന്മയ്ക്കായി കുരിശുമരണം വരിച്ച യേശുക്രിസ്തു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റുവെന്ന വിശ്വാസമാണ് ഈസ്റ്ററിന്റെ അടിസ്ഥാനം. 50 നോമ്പിന്റെ പരിസമാപ്തി കൂടിയാണ് ഈസ്റ്റർ.

✪✪✪

ഈസ്റ്ററിനോട് അനുബന്ധിച്ച് കോഴിക്കോട് ദേവമാതാ കത്തീഡ്രലിൽ രാത്രി പത്തരയോടെ ഉയിർപ്പിന്റെ തിരുകർമങ്ങൾ ആരംഭിക്കും. കോഴിക്കോട് അതിരുപതാ ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ മുഖ്യകാർമികനായിരിക്കും. ദേവഗിരി സെന്റ് ജോസഫ്സ് ദേവാലയത്തിലും, അമലാപുരി സെന്റ് തോമസ് ചർച്ചിലും ഉയിർപ്പിന്റെ തിരുക്കർമ ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്തെ ഔഷധ കയറ്റുമതി 30 ബില്യൺ ഡോളർ കവിഞ്ഞു. 2023-24 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഒമ്പത് ശതമാനത്തിലധികം വർധന കഴിഞ്ഞ വർഷം രേഖപ്പെടുത്തി.

✪✪✪

ജമ്മുകശ്മീരിൽ നിന്ന് വാർഷിക ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവരുടെ എണ്ണം സമീപ വർഷങ്ങളിൽ കുറയുന്നതായി ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നു. 2023 നെ അപേക്ഷിച്ച് കഴിഞ്ഞ രണ്ട് വർഷത്തിനിടെ 70 ശതമാനം കുറവുണ്ടായി. ഈ വർഷം ഈ മേഖലയിൽ നിന്ന് 3,624 തീർത്ഥാടകർ മാത്രമേ പുണ്യയാത്രയിൽ പങ്കെടുക്കൂ, സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ വഴി 3,000-ത്തോളം തീർത്ഥാടകരും ഓരോ വർഷവും ഹജ്ജിന് പോകാറുണ്ട്.

✪✪✪

ഡൽഹിയിലെ മുസ്തഫാബാദിൽ ഇന്ന് പുലർച്ചെ നാല് നില കെട്ടിടം തകർന്നുവീണ് നാല് പേർ മരിച്ചു, ചിലർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായി സംശയിക്കുന്നു-രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

✪✪✪

ഇന്ന് ലോക കരൾ ദിനം. ഭക്ഷണമാണ് മരുന്ന് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. കരളിന്റെ ആരോഗ്യത്തെക്കുറിച്ചും, കരൾ രോഗങ്ങൾ നിയന്ത്രിക്കാനാവശ്യമായ ഭക്ഷണ രീതികളെക്കുറിച്ചും അവബോധം നൽകാനാണ് എല്ലാ വർഷവും ഏപ്രിൽ 19 ലോക കരൾ ദിനമായി ആചരിക്കുന്നത്.

✪✪✪

JEE മെയിൻ പ്രവേശന പരീക്ഷ രണ്ടാം സെഷന്റെ ഫലം ദേശീയ ടെസ്റ്റിംഗ് ഏജൻസി പ്രസിദ്ധീകരിച്ചു. 24 വിദ്യാർത്ഥികൾ മുഴുവൻ സ്കോറും നേടി. ഔദ്യോഗിക വെബ്സൈറ്റിൽ ഫലം ലഭ്യമാണ്.

✪✪✪

പാലക്കാട് ധോണി ജനവാസ മേഖലയിൽ നിന്ന് പിടികൂടിയ കാട്ടാന ധോണിയുടെ കാഴ്ച വീണ്ടെടുക്കാൻ മൂന്നാം ഘട്ട ചികിത്സ അടുത്ത ആഴ്ച ആരംഭിക്കുമെന്ന് വനം വകുപ്പ് അറിയിച്ചു. കഴിഞ്ഞ രണ്ട് ഘട്ടത്തിലും ചികിത്സ വേണ്ടത്ര ഫലപ്രദമാകാത്ത സാഹചര്യത്തിലാണ് വനം വകുപ്പ് മൂന്നാം ഘട്ട ചികിത്സക്ക് ഒരുങ്ങുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

.....(വോയ്സ്).......

2023 ജനുവരിയിൽ മയക്ക് വെടിവച്ചു പിടികൂടുമ്പോൾ തന്നെ ധോണിയുടെ രണ്ട് കണ്ണിനും പെല്ലെറ്റുകൾ കൊണ്ട് കാഴ്ച തകരാറിലായതായി ഡോക്ടർമാർ കണ്ടെത്തിയിരുന്നു.ശസ്ത്രക്രിയ പാടില്ലെന്ന വിദഗ്ധ സംഘത്തിന്റെ നിർദ്ദേശമനുസരിച്ച് തുള്ളിമരുന്ന് ചികിത്സയാണ് നൽകി വരുന്നത് ഹൈക്കോടതി നിയോഗിച്ച വിദഗ്ധ സമിതി ആനയുടെ ആരോഗ്യ സ്ഥിതി പരിശോധിച്ച ശേഷമായിരിക്കും പുതിയ ചികിത്സ ആരംഭിക്കുക. നിലവിൽ പാപ്പാന്മാരുടെ മേൽനോട്ടത്തിൽ ധോണിയെ കാട്ടിൽ മേയാൻ വിടുന്നുണ്ട്.ആനയുടെ കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടിട്ടില്ലെന്നും. പുരോഗതി ഉണ്ടാവുന്നതിനനുസരിച്ച്ചായിരിക്കും ആനയെ കാട്ടിലേക്ക് വിടുന്ന കാര്യം ആലോചിക്കുകയുള്ളുവെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

✪✪✪

ചോദ്യപ്പേപ്പർ ചോർന്ന സംഭവത്തിൽ BCA ആറാം സെമസ്റ്റർ പരീക്ഷ പൂർണമായി റദ്ദാക്കില്ലെന്നു കണ്ണൂർ സർവ്വകലാശാല അറിയിച്ചു. ക്രമക്കേട് കണ്ടെത്തിയ കോളേജിലെ പരീക്ഷ മാത്രമാണ് റദ്ദാക്കിയത്. അൺ എയ്ഡഡ് കോളേജുകളിലെ പരീക്ഷാ നടത്തിപ്പിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്താനും സർവകലാശാലയിലെ ഉദ്യോഗസ്ഥരെ കോളേജുകളിൽ പരിക്ഷാ ചുമതലയിൽ നിയോഗിക്കാനും തീരുമാനിച്ചു.

✪✪✪

പരിശോധനയ്ക്കെത്തിയ ഡാൻസാഫ് സംഘത്തെ കണ്ട് ഹോട്ടലിൽ നിന്ന് ഓടി രക്ഷപ്പെട്ട നടൻ ഷൈൻ ടോം ചാക്കോ എറണാകുളം ടൗൺ നോർത്ത് പൊലീസ് സ്റ്റേഷനിൽ ഹാജരായി. രാവിലെ പത്തരയോടെ സ്റ്റേഷനിലെത്തിയ ഷൈനിനെ പൊലീസ് ചോദ്യം ചെയ്യുകയാണ്.

ഹോട്ടലിൽ നിന്ന് ഷൈൻ ടോം ഇറങ്ങിയോടുന്ന CC-TV ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് ഹാജരാകാൻ പൊലീസ് ഇന്നലെ നോട്ടീസ് നൽകിയിരുന്നു.

✪✪✪

ഈസ്റ്ററിനെ വരവേറ്റ് ഹൈറേഞ്ചിൽ ഈസ്റ്റർ ലില്ലിപൂക്കൾ കൂട്ടത്തോടെ വിരിഞ്ഞു. ഒട്ടുമിക്ക മേഖലകളിലും ഈസ്റ്റർ ലില്ലികൾ വർണ്ണവസന്തം ഒരുക്കിയിട്ടുണ്ട്. ആറും ഏഴും ഇതളോടെ ചുവപ്പും ഓറഞ്ചും കലർന്ന പൂക്കളാണ് ഈസ്റ്റർ ലില്ലിയുടേത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

.....(വോയ്സ്).......

വേനൽമഴ പെയ്ത് ഇറങ്ങിയതോടെ ഹൈറേഞ്ചിൽ ലില്ലിപ്പൂക്കൾ കൂട്ടത്തോടെ വിടർന്ന് കാഴ്ച്ചയുടെ വർണ്ണവസന്തമൊരുക്കുകയാണ്. അടുത്തടുത്ത് നിരനിരയായി വളർന്ന് നിൽക്കുന്ന ഈസ്റ്റർ ലില്ലികൾ കാണാൻ വലിയ ചന്തമാണ്. ഏപ്രിൽ ലില്ലിയെന്നും ഈസ്റ്റർ ലില്ലി ഈ ചെടി അറിയപ്പെടും. ഹൈറേഞ്ചിന്റെ മലയോര മേഖലയിൽ കണ്ടുവരുന്ന ഈസ്റ്റർ ലില്ലിപൂക്കൾ വിദേശ ഇനത്തിൽപെട്ട സസ്യമാണ്. ദക്ഷിണ അമേരിക്കയിലെ ഉഷ്ണമേഖല പ്രദേശങ്ങളാണ് ഇവയുടെ സ്വദേശം. ബാർബഡോസ് ലില്ലി, കൊക്കോവ ലില്ലി എന്നിങ്ങനെയും ഈസ്റ്റർ ലില്ലിക്ക് പേരുകളുണ്ട്. ഉള്ളിയുടേതുപോലുള്ള കാണ്ഡമാണ് ഈസ്റ്റർ ലില്ലിക്കുള്ളത്.ഇതിൽ നിന്നും മുളച്ച് വരുന്ന കുഴലാകൃതിയിലുള്ള തണ്ടുകളിൽ പൂവ് വിരിയും. ഓരോ തണ്ടിലും രണ്ട് പൂക്കൾ വീതമുണ്ടാകും. വീടുകളിൽ ഈസ്റ്റർ ലില്ലി അലങ്കാര ചെടിയായി നട്ടുവളർത്തുന്നവരുമുണ്ട്. വർഷം മുഴുവൻ പൂക്കുമെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് ഇവ കൂടുതലായി പൂഷ്പിക്കുന്നത്. അതിനാൽ തന്നെയാണ് ഇവക്ക് ഏപ്രിൽ ലില്ലിയെന്നും ഈസ്റ്റർ ലില്ലിയെന്നുമൊക്കെയുള്ള പേര് ലഭിച്ചത്.

✪✪✪

നാളെ മുതൽ ഈ മാസം 26വരെ കേരള ലളിതകലാ അക്കാദമി കോഴിക്കോട് ആർട്ട് ഗാലറിയിൽ, MT വാസുദേവൻ നായരുടെ സാഹിത്യകൃതികളെ ആസ്പദമാക്കി ചിത്രാങ്കണം 'മഞ്ഞ്- MT-യിലേക്കൊരു കലാ പ്രയാണം' എന്ന ചിത്രപ്രദർശനം സംഘടിപ്പിക്കും. 21 ന് വൈകിട്ട് MT യുടെ മകൾ അശ്വതി V നായർ ഉൽഘാടനം ചെയ്യും. ചിത്രകാരന്മാരായ മദനൻ, സുനിൽ അശോകപുരം രാജൻ കടലുണ്ടി തുടങ്ങിയവരടക്കം പ്രമുഖർ പങ്കെടുക്കും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജയ്പൂരിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സുമായി ഏറ്റുമുട്ടും.

✪✪✪

കരിപ്പൂർ വിമാനത്താവളത്തിലെ നവീകരിച്ച പൊതു ശൗചാലയം എയർപോർട്ട് ഡയറക്ടർ CV രവീന്ദ്രൻ യാത്രക്കാർക്ക് തുറന്നുകൊടുത്തു. അന്താരാഷ്ട്ര നിലവാരത്തിലാണ് ശൗചാലയ സമുച്ചയം നവീകരിച്ചത്.

✪✪✪

എറണാകുളം റൂറൽ പൊലീസ് മേധാവി, വൈഭവ് സക്സേനയെ ദേശീയ അന്വേഷണ ഏജൻസിയിലെ പൊലീസ് സൂപ്രണ്ടായി നിയമിച്ചു. ഡെപ്യൂട്ടേഷനിൽ അഞ്ചു വർഷത്തേക്കാണ് നിയമനം.

റാപ്പിഡ് റെസ്പോൺസ് ഫോഴ്സ് കമാൻഡന്റ്, ഹേമലതയെ എറണാകുളം റൂറൽ പൊലീസ് മേധാവിയായും നിയമിച്ചു.

✪✪✪

കോഴിക്കോട്ട്, കോട്ടൂളി തണ്ണീർത്തട പ്രശ്നം നിലനിൽക്കുന്ന ട്രേഡ് സെന്ററിലെ പൊതുപരിപാടിയിൽ മുഖ്യമന്ത്രിയും MLA യുമടക്കം പ്രമുഖർ പങ്കെടുക്കുന്നത് പ്രതിഷേധാർഹമാണെന്ന് BJP സിറ്റി ജില്ലാപ്രസിഡണ്ട് KP പ്രകാശ്ബാബു അറിയിച്ചു. പ്രദേശത്ത് നിർമ്മാണപ്രവർത്തനങ്ങളും പരിപാടികളും നടത്തുന്നത് പ്രതിഷേധം ക്ഷണിച്ചുവരുത്തുമെന്ന് പ്രകാശ്ബാബു പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

*News Editor: ചന്ദ്രബാബു*
*News Reader: നിഷിതകുമാരി*
*News Team: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*